മഹാത്മാഗാന്ധി സർവകലാശാല
പ്രിയദർശിനി ഹിൽസ് പി.ഒ. കോട്ടയം, കേരളം – 686 560
(കേരള സംസ്ഥാന നിയമസഭയുടെ 1985 ഏപ്രിൽ 17ലെ 3431/ലെജി. സി1/85/നിയമം നമ്പർ വിജ്ഞാപനപ്രകാരം സ്ഥാപിതമായത്)

49911/PRO SECTION /1/2019/PRO 04.02.2020

<u>വിജ്ഞാപനം</u>

വിഷയം: ഉന്നത വിദ്യാഭ്യാസ വകുപ്പ് - 'പരിസ്ഥിതി സൗഹൃദം - സുസ്ഥിര വികസനം - നവകേരളം എന്റെ കാഴ്ചപ്പാടിൽ' - ഉപന്യാസ രചന മത്സരം സംഘടിപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന: 21.11.2019ലെ ഉന്നത വിദ്യാഭ്യാസ (കെ) വകുപ്പ്തല കെ1/248/2019/ ഉ.വി.വ. നം. കത്ത്.

മേൽ സൂചന പ്രകാരം, ലഭിച്ച കത്തിന്റെ അടിസ്ഥാനത്തിൽ മഹാത്മാ ഗാന്ധി സർവകലാശാലയിലെ പഠനവകുപ്പുകളിലെയും അഫിലിയേറ്റഡ് കോളേജുകളിലെയും വിദ്യാർഥികൾക്കായി **'പരിസ്ഥിതി സൗഹൃദം - സുസ്ഥിര വികസനം - നവകേരളം എന്റെ കാഴ്ചപ്പാടിൽ'** എന്ന വിഷയത്തെ ആസ്പദമാക്കി താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഉപന്യാസ രചന മത്സരം സംഘടിപ്പിക്കുന്നു. ഒന്ന്, രണ്ട്, മൂന്ന് സ്ഥാനം നേടുന്നവർക്ക് പ്രശസ്തിപത്രവും ഉപഹാരവും (പുസ്തകം) നൽകുന്നു. 2020 ഫെബ്രുവരി പത്തൊൻപതിനകം (19.02.2020) രചനകൾ തപാലിലോ നേരിട്ടോ 'ദി പബ്ലിക് റിലേഷൻസ് ഓഫീസർ, പ്രിയദർശിനി ഹിൽസ് പി.ഒ., മഹാത്മാ ഗാന്ധി സർവകലാശാല, കോട്ടയം - 686560' എന്ന വിലാസത്തിൽ എത്തിക്കേണ്ടതാണ്.

<u>നിബന്ധനകൾ:-</u>

(1) മേൽ സൂചിപ്പിച്ച വിഷയത്തിൽ മലയാളത്തിലാണ് ഉപന്യാസം തയാറാക്കേണ്ടത്.
(2) മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് കീഴിലെ അഫിലിയേറ്റഡ് കോളേജുകൾ/ പഠനവകുപ്പുകൾ എന്നിവയിലെ യു.ജി./പി.ജി./എം.ഫിൽ/പി.എച്ച്.ഡി. കോഴ്സുകൾ പഠിക്കുന്ന വിദ്യാർഥികൾക്ക് പങ്കെടുക്കാം.
(3) ഉപന്യാസം 10 പുറത്തിൽ (പേജ് എ4) കവിയരുത്.
(4) രചനകൾ മൗലികമായിരിക്കണം.
(5) വിദ്യാർഥി പഠിക്കുന്ന കോളേജ്/സ്ഥാപന മേധാവി നൽകിയ സാക്ഷ്യപത്രം രചനയ്ക്കൊപ്പം സമർപ്പിക്കണം.
(6) 19.02.2020, 5 pm നകം **പബ്ലിക് റിലേഷൻസ് ഓഫീസർ, മഹാത്മാ ഗാന്ധി സർവകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം – 686560** എന്ന വിലാസത്തിൽ ലഭിക്കണം.
(7) മൂല്യനിർണയം/മത്സര നടത്തിപ്പ് എന്നിവയെ സംബന്ധിച്ച അന്തിമ തീരുമാനം സർവകലാശാല രജിസ്ട്രാറിൽ നിക്ഷിപ്തമായിരിക്കും.
(8) സൃഷ്ടികൾ അയയ്ക്കുന്ന കവറിനുപുറത്ത് 'ഉപന്യാസ രചന മത്സരം 2020' എന്നെഴുതണം.

Dr.K Sabukuttan
REGISTRAR (i/c)

Draft #1 of File 49911/PRO SECTION /1/2019/PRO Approved by REGISTRAR (i/c) on 04-Feb-2020 04:09 PM - Page 1